ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 12.09.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1) ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി.പി.രാധാകൃഷ്ണൻ സ്ഥാനമേറ്റു.

C P Radhakrishnan has been sworn in as the 15th Vice President of India

2) കയ്യെഴുത്ത് പ്രതികളുടെ സംരക്ഷണത്തിനായി സംഘടിപ്പിക്കുന്ന ഗ്യാൻ ഭാരതം അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

Prime Minister Narendra Modi will participate in the International Conference on Gyan Bharatam in New Delhi this evening

3) ഇന്ത്യൻ നാവികസേനയ്ക്ക് കരുത്ത് പകർന്ന് ഐ.എൻഎസ് ആരവല്ലി ഇന്ന് കമ്മീഷൻ ചെയ്യും.

INS Aravali will be commissioned in the Indian Navy at Gurugram this afternoon.

4) കേരളത്തിലെ നഗര വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലെന്ന് അർബൻ കോൺക്ലേവ് ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ. നഗര വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുമിച്ചു

പ്രവർത്തിക്കുകയാണെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ.

**Kerala's urban growth rate is far ahead to the national average, says Kerala CM Pinarayi Vijayan while inaugurating Urban Conclave in Kochi. Union and state governments are working together for urban development, says Union Minister Manohar Lal Khattar.**

5) യുവജന പ്രക്ഷോഭത്തെ തുടർന്ന് ഭരണ പ്രതിസന്ധി നേരിടുന്ന നേപ്പാളിൽ ഇടക്കാല സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നു.

**Dialogue with Gen Z representatives, Nepali Army Chief Ashikraj Sigdel and President of Nepal Ramchandra Paudel for appointing Prime Minister of interim government continues.**

6) ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിൽ പാകിസ്ഥാൻ ഇന്ന് ഒമാനെ നേരിടും.

**In Asia Cup T-20 Cricket, Pakistan will take on Oman today.**

***********************

## VP-SWORN IN (INTRO)

ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി.പി.രാധാകൃഷ്ണൻ സ്ഥാനമേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

(ഹോൾഡ്)

പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ്, മുൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, ജെ പി നഡ്ഡ തുടങ്ങിയ പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. ഈ മാസം 9-ന്

നടന്ന തിരഞ്ഞെടുപ്പിൽ 452 വോട്ടുകൾ സ്വന്തമാക്കിയാണ് എൻഡിഎ സ്ഥാനാർത്ഥി സി.പി രാധാകൃഷ്ണൻ ഉപരാഷ്ട്രപതി സ്ഥാനത്തേക്കെത്തിയത്. ഐ.എൻ.ഡി.ഐ.എ സ്ഥാനാർത്ഥി ബി.സുദർശൻ റെഡ്ഡിയെ 152 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. 1957 ൽ തമിഴ്നാട്ടിലെ തിരുപ്പൂരിൽ ജനിച്ച സി പി രാധാകൃഷ്ണൻ വിദ്യാർത്ഥി നേതാവായാണ് രാഷ്ട്രീയ രംഗത്തെത്തുന്നത്. സജീവ ആർഎസ്എസ് പ്രവർത്തകനായിരുന്ന അദ്ദേഹം ബിജെപിയുടെ തമിഴ്നാട് സംസ്ഥാന പ്രസിഡൻറ് ആയും പ്രവർത്തിച്ചിട്ടുണ്ട്. 1998 ലും, 99 ലുമായി കോയമ്പത്തൂരിൽ നിന്ന് രണ്ടുതവണ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ജാർഖണ്ഡ്, തെലങ്കാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ ഗവർണറായും പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണറായും ശ്രീ സി.പി രാധാകൃഷ്ണൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും ഉപരാഷ്ട്രപതിയാകുന്ന മൂന്നാമത്തെ വ്യക്തി കൂടിയാണ് അദ്ദേഹം.

***********************

## PM-GYAN BHARATAM

ന്യൂഡൽഹിയിൽ നടക്കുന്ന ഗ്യാൻ ഭാരതം അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. "കൈയെഴുത്തുപ്രതിയിലൂടെ ഇന്ത്യയുടെ വിജ്ഞാന പാരമ്പര്യം വീണ്ടെടുക്കൽ" എന്ന വിഷയത്തിൽ ഇന്നലെയാണ് സമ്മേളനം ആരംഭിച്ചത്. കയ്യെഴുത്ത് പ്രതികളുടെ ഡിജിറ്റലൈസേഷൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ ഗ്യാൻ ഭാരതം പോർട്ടലിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. അപൂർവ കൈയെഴുത്തുപ്രതികളുടെ പ്രദർശനവും ഇതിൻറെ ഭാഗമായി നടക്കുന്നുണ്ട്.

***********************

## INS ARVALLI

സമുദ്ര സുരക്ഷാമേഖലയിൽ കരുത്ത് പകർന്ന്, ഇന്ത്യൻ നാവികസേനയുടെ ഐഎൻഎസ് ആരവല്ലി ഇന്ന് കമ്മീഷൻ ചെയ്യും. ഗുരുഗ്രാമിൽ നടക്കുന്ന ചടങ്ങിന് നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി അദ്ധ്യക്ഷത വഹിക്കും. നാവികസേനയുടെ വിവരവിനിമയ സൗകര്യങ്ങൾ ശക്തിപ്പെടുത്താൻ ഐഎൻഎസ് ആരവല്ലി നിർണായക പങ്കുവഹിക്കുമെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

************************

## URBEN CONCLAVE (INTRO)

കേരളത്തിലെ നഗരവളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തിനായി ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള രണ്ട് ദിവസത്തെ അർബൻ കോൺക്ലേവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കേന്ദ്രവുമായി സഹകരിച്ച് നഗരവികസനത്തിനുള്ള വിവിധ പദ്ധതികൾ സംസ്ഥാ സർക്കാർ നടപ്പാക്കി വരുന്നതായും അദ്ദേഹം പറഞ്ഞു. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും ഉടൻ തന്നെ അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളം മാറുമെന്നും മുഖ്യമന്ത്രി അറിയിച്ചു. രാജ്യത്തെ മികച്ച നഗരങ്ങൾ വാർത്തെടുക്കുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുമിച്ചു പ്രവർത്തിക്കുകയാണെന്ന് ചടങ്ങിൽ മുഖ്യതിഥിയായ കേന്ദ്ര നഗരകാര്യമന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. ലോകത്തെ ഏറ്റവും കൂടുതൽ മെട്രോ ലൈനുകളുള്ള മൂന്നാമത്തെ രാജ്യമായി ഇന്ത്യ സമീപഭാവിയിൽത്തന്നെ മാറുമെന്നും അദ്ദേഹം അറിയിച്ചു.

(ഹോൾഡ്)

************************

## P P THANCKACHAN

നിയമസഭ മുൻ സ്പീക്കറും മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി പി തങ്കച്ചന്റെ നിര്യാണത്തിൽ അനുശോചിച്ച് രാഷ്ട്രീയ കേരളം. സംസ്കാരം നാളെ ഉച്ചയ്ക്ക് ശേഷം നെടുമ്പാശ്ശേരി യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടക്കും. വാർധക്യ സഹജമായ അസുഖങ്ങളെത്തുടർന്ന് ഇന്നലെയായിരുന്നു അന്ത്യം. 86 വയസായിരുന്നു. 1982 മുതൽ 1996 വരെ പെരുമ്പാവൂർ എം എൽ എ ആയിരുന്ന അദ്ദേഹം, 95ൽ എ കെ ആന്റണി മന്ത്രിസഭയിൽ കൃഷി മന്ത്രിയായി. 1991 മുതൽ 95 വരെ സ്പീക്കറായും പ്രവർത്തിച്ചു.

***********************

## NIYAMASABHA

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക.

***********************

## GST

രാജ്യത്ത് ഈ മാസം 22 മുതൽ നടപ്പാക്കുന്ന ജി.എസ്.ടി ഘടനാ പരിഷ്കരണം ആരോഗ്യ മേഖലയിൽ വൻ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രസർക്കാർ. 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് പരിഷ്കരണം. പാൽ, പ്രീ-പാക്കേജ്ഡ് ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ അവശ്യവസ്തുക്കളെ ജിഎസ്ടിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ബ്രാൻഡ് ചെയ്യാത്ത അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ തുടങ്ങിയ്ക്കും നികുതി ഒഴിവാക്കി നൽകി. കാർഷിക മേഖലയ്ക്കും, ക്ഷീര കർഷകർക്കും ഏറെ ഗുണകരമായ രീതിയിലാണ് പുതിയ പരിഷ്കാരങ്ങൾ. കാർഷിക ഉപകരണങ്ങളുടെ ജിഎസ്ടിയിൽ ഇളവ് വരുത്തിയത് കൃഷിയുടെ

ചെലവ് കുറയാനും ഇടയാക്കും. ജൈവ കീടനാശിനികൾ, സൂക്ഷ്മ പോഷകങ്ങൾ എന്നിവയുടെ നികുതിയിലും കുറവ് വരുത്തിയിട്ടുണ്ട്.

**********************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**********************

## AMOEBIC

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിനെതിരെ ജാഗ്രത തുടരുന്നു. നിലവിൽ മൂന്ന് കുട്ടികൾ ഉൾപ്പെടെ പത്ത് പേരാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിൽ കഴിയുന്നത്. ചികിത്സയിലുള്ള എല്ലാവരുടേയും ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

**********************

## INCOME TAX RETURN

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

**********************

## SIKKIM LANDSLIDE

സിക്കിമിലെ ഗയാൽഷിംഗ് ജില്ലയിൽ ഇന്നലെ രാത്രിയുണ്ടായ മണ്ണിടിച്ചിലിൽ 4 മരണം. ഒരാളെ കാണാതായിട്ടുണ്ട്. പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്.

**********************

## REV NEPAL

യുവജന പ്രക്ഷോഭത്തെ തുടർന്ന് ഭരണ പ്രതിസന്ധി നേരിടുന്ന നേപ്പാളിൽ ഇടക്കാല സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നു. ഇടക്കാല പ്രധാനമന്ത്രിയെ തീരുമാനിക്കുന്നതിനായി, പ്രക്ഷോഭം നടത്തിയ ജെൻ സി പ്രതിനിധികളുമായി നേപ്പാൾ പ്രസിഡൻറ് രാംചന്ദ്ര പൗഡേലും, സേനാ മേധാവി അശോക് രാജ് സിഗ്ധലും ഇന്നലെ ചർച്ച നടത്തി. മുൻ ചീഫ് ജസ്റ്റിസ് സുശീല കർകിയുടെയും, മറ്റ് ഭരണഘടനാ വിദഗ്ധരുടെയും സാന്നിധ്യത്തിൽ നടന്ന ചർച്ചകൾ ഇന്നും തുടരും. ഇടക്കാല പ്രധാനമന്ത്രിയായി സുശീല കർക്കിയെ തിരഞ്ഞെടുത്തേക്കുമെന്നാണ് സൂചനകൾ. അതേസമയം കാഠ്മണ്ഡു, ലളിത്പൂർ, ഭക്താപൂർ ജില്ലകളിൽ നിരോധനാജ്ഞ നിലനിൽക്കുകയാണ്.

************************

## FBI-CHARLIE KIRK

ഡോണൾഡ് ട്രംപിൻറെ വിശ്വസ്തൻ ചാർളി കിർക്കിൻറെ കൊലപാതകവുമായി ബന്ധപ്പെട്ട നിർണായക വീഡിയോ എഫ്.ബി.ഐ പുറത്തുവിട്ടു. കൃത്യത്തിനു ശേഷം പ്രതി സംഭവസ്ഥലത്തുനിന്നും രക്ഷപ്പെടുന്ന ദൃശ്യങ്ങളാണ് വീഡിയോയിൽ ഉള്ളത്. അതിതീവ്ര യാഥാസ്ഥിതിക പ്രസ്ഥാനത്തിൻറെ പ്രചാരകനായിരുന്നു ചാർളി കിർക്. പ്രതിയെ കണ്ടെത്താനായി പോലീസ് തിരച്ചിൽ വ്യാപകമാക്കിയിട്ടുണ്ട്. അക്രമിയെക്കുറിച്ച് വിവരം നൽകുന്നവർക്ക് ഒരു ലക്ഷം ഡോളർ പാരിതോഷികവും എഫ്.ബി.ഐ പ്രഖ്യാപിച്ചു.

************************

## CRICKET-ASIA CUP

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിൽ പാകിസ്ഥാൻ ഇന്ന് ഒമാനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്ത്യയും പാകിസ്ഥാനുമായുള്ള മത്സരം മറ്റന്നാളാണ്.

***********************

## BADMINTON

ഹോങ്കോംഗ് ഓപ്പൺ സൂപ്പർ 500 ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ന് ഇന്ത്യൻ താരങ്ങളായ ആയുഷ് ഷെട്ടിയും ലക്ഷ്യസെന്നും ഏറ്റുമുട്ടും. ജപ്പാൻ താരത്തെ പരാജയപ്പെടുത്തിയാണ് ആയുഷ് ഷെട്ടിയുടെ ക്വാർട്ടർ പ്രവേശം. മലയാളിതാരം എച്ച് എസ് പ്രണോയിയെ വീഴ്ത്തിയായിരുന്നു ലക്ഷ്യസെന്നിന്റെ മുന്നേറ്റം.

***********************

## STOCK-GOLD

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം ആരംഭിച്ചു . ബോംബെ ഓഹരി സൂചിക സെൻസെക്സ് 380 പോയിൻറ് ഉയർന്ന് 81,929 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 108 പോയിൻറ് ഉയർന്ന് 25,114 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില ഉയരുന്നു. പവന് 560 രൂപ കൂടി 81,600 രൂപയും ഗ്രാമിന് 10,200 രൂപയുമാണ് ഇന്ന് വില.

***********************

## CHHATTISGARH ENCOUNTER

ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ടു മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ബിജാപൂർ ജില്ലയിലെ ബസ്തർ മേഖലയിൽ മാവോയിസ്റ് സാന്നിധ്യമുണ്ടെന്ന വിവരത്തെ തുടർന്ന് നടത്തിയ തെരച്ചിലിനിടെ ഇന്ന് പുലർച്ചെയാണ് ഏറ്റുമുട്ടലുണ്ടായത്. റൈഫിളും സ്ഫോടകവസ്തുക്കളും പ്രദേശത്തു നിന്നും കണ്ടെടുത്തു. തിരച്ചിൽ തുടരുകയാണ് .

*******************************************************************

***********************